(സി) മീറ്ററുകളുടെ പ്രവർത്തനക്ഷമത പരിശോധിക്കാൻ മിന്നൽ പരിശോധന ഏർപ്പെടുത്താൻ നടപടിസ്വീകരിക്കുമോ ;

(ഡി) മീറ്ററിൽ കാണിക്കുന്ന തുക തന്നെയാണോ ഈടാക്കുന്നത് എന്ന് പരിശോധിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) ഫലപ്രദമായി ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല എന്നു പറയുന്നത് ശരിയല്ല. ഓട്ടോറിക്ഷകളും ടാക്സികളും ക്രമാതീതമായി കൂലി ഈടാക്കുന്നതായി പരാതി ലഭിച്ചിട്ടുള്ളപ്പോഴെല്ലാം അവയെക്കുറിച്ച് അന്വേഷിക്കുകയും ഉചിതമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കർശനനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) മേഖലാ ഡെപ്യൂട്ടി കമ്മീഷണർമാരുടെ കീഴിൽ പ്രവർത്തിക്കുന്ന ഫ്ലൈയിംഗ് സ്ക്വാഡും റീജണൽ ട്രാൻസ്പോർട്ട് ആഫീസുകളിലെ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരും പോലീസ് വകുപ്പിലെ ട്രാഫിക് ഉദ്യോഗസ്ഥൻമാരും പരിശോധന നടത്തുന്നുണ്ട്.

(ഡി) നടപടികൾ സ്വീകരിക്കുന്നതാണ്.

ബസ്സുകളിലെ പരസ്യം

*543 [577] ശ്രീ. ഇ. കെ. പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗതവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ വക ബസ്സുകളിൽ പരസ്യം അനുവദിച്ചതിൽ കോർപ്പറേഷന് 1977-78 വർഷത്തിൽ എന്തു വരുമാനം ഉണ്ടായി ;

(ബി) ഈ പണം ഏതുരീതിയിലാണ് ചെലവ് ചെയ്യുന്നത് ;

(സി) പരസ്യത്തിന് സ്ഥലം നൽകുന്നതിന്റെ മാനദണ്ഡമെന്ത് ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്) :

(എ) റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ പരസ്യം ചെയ്യുവാനുള്ള അവകാശം 1977-79 കാലഘട്ടത്തിലേക്ക് (2 വർഷം) ടെൻഡർ വിളിച്ചു കൊടുക്കുകയാണുണ്ടായത്. 1977-79 കാലഘട്ടത്തിൽ ഈ ഇനത്തിനുള്ള മൊത്തം വരുമാനം 6,80,000 രൂപയാണ്.

(ബി) ഈ പണം കേരള റോഡ് ട്രാൻസ്പോർട്ട് ഫണ്ടിലേക്ക് മുതൽ കൂട്ടുകയാണ് ചെയ്യുന്നത്.

(സി) ബസ്സുകളുടെ ബാക്ക് പാനൽ, സൈഡ് പാനലുകൾ, അകവശം ലഗ്ഗേജ് റെയിൽസ് എന്നീ ഭാഗങ്ങളിലാണ് സ്ഥലം അനുവദിക്കുന്നത്.

ഇൻറർ സ്റ്റേറ്റ് സർവ്വീസായി ഓടുന്ന കെ. എസ്. ആർ. ടി. സി. ബസ്സുകൾ

*544 [578] ശ്രീ. കെ. സുകുമാരനുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. യുടെ വക എത്ര ബസ്സുകൾ ഇൻറർ സ്റ്റേറ്റ് സർവ്വീസായി ഓടുന്നുണ്ട് :

LIBRARY ARCHIVES Kerala Legislative Assembly